# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1370

21.03.2012-ലെ മറുപടിയ്ക്ക്

## വിലനിലവാരം പിടിച്ച് നിർത്തുന്നതിന് കൺസ്യൂമർ ഫെഡിന്റെ ഇടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, സി. പി. മുഹമ്മദ്<br>,, സണ്ണി ജോസഫ് | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) പൊതു വിപണിയിലെ വിലനിലവാരം പിടിച്ച് നിർത്തുന്നതിന് കൺസ്യൂമർ ഫെഡ് നടത്തുന്ന ഇടപെടൽ ഫലപ്രദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; | (എ) ത്രിവേണി വ്യാപാര ശൃംഖല വിപുരീകരിച്ച് ഗുണനിലവാരമുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും, ത്രിവേണി യൂണിറ്റുകളിലൂടെ പൊതു വിപണിയെക്കാൾ വിലക്കുറവിൽ ലഭ്യമാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ത്രിവേണി യൂണിറ്റുകൾ തുടങ്ങുന്ന പദ്ധതി പൂർത്തീകരിച്ചു വരുന്നു. പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ കൂടുതൽ ആരംഭിച്ചു. പൊതു വിതരണ സമ്പ്രദായമായ നന്മ പദ്ധതിയിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ 20% വരെ വിലക്കുറവിൽ സഹകരണ വിപണന കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ എല്ലാ ഉത്സവകാലങ്ങളിലും വിലക്കയറ്റവും, ഭക്ഷ്യ ദൗർലഭ്യവും നേരിടുന്നതിന് 2011-ലെ ഓണം, ബക്രീദ്, ക്രിസ്മസ് എന്നീ ഉത്സവകാലങ്ങളോടനുബന്ധിച്ച് പച്ചക്കറി വില നിയന്ത്രിക്കുന്നതിനായി പച്ചക്കറി വിപണന കേന്ദ്രങ്ങളും ആരംഭിക്കുകയുണ്ടായി. |
| (ബി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം വ്യാപകമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രത്യേക കാലങ്ങളിൽ സബ്സിഡി നൽകി വിതരണം ചെയ്യുന്ന ഉല്പന്നങ്ങൾ ഇതുവഴി വിറ്റഴിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ